"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

പൊതുമരാമത്ത് വകുപ്പ് -എറണാകുളം ജില്ലയിലെ, കണയന്നൂർ താലൂക്കിൽ കളമശ്ശേരി എച്ച്.എം.ടി. (HMT) ജംഗ്ഷനിലെ പഴയ ദേശീയപാതയിൽ നിന്നും സർവ്വേ നമ്പർ 428/2,5-ലുള്ള ശ്രീമതി. നിഷ ദീപക് ന്റെ ഉടമസ്ഥതയിലുള്ള സ്വകാര്യ ഭൂമിയിലേക്കുള്ള Ramp നിർമ്മാണം വ്യവസ്ഥകൾക്ക് വിധേയമായി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.429/2026/PWD തിരുവനന്തപുരം, തീയതി,13-03-2026

---

പരാമർശം:-
1. ശ്രീമതി നിഷ ദീപക് -ന്റെ നിവേദനം.
2. നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 26.02.2026 ലെ CEPWD/6543/2025-AB1(RS)-RD നമ്പർ കത്ത്.

## ഉത്തരവ്

എറണാകുളം ജില്ലയിലെ, കണയന്നൂർ താലൂക്കിൽ കളമശ്ശേരി എച്ച്.എം.ടി (HMT) ജംഗ്ഷനിലെ പഴയ ദേശീയപാതയുടെ സമീപം സർവ്വേ നമ്പർ 428/2.5-ലുള്ള ശ്രീമതി നിഷ ദീപക് -ന്റെ ഉടമസ്ഥതയിലേക്കുള്ള വാണിജ്യ കെട്ടിടത്തിന്റെ രണ്ടാം നിലയിലേക്ക് റോഡിൽ നിന്നും പ്രവേശനം ലഭിക്കുന്നതിനായി ഒരു റാമ്പ് (Ramp) നിർമ്മിക്കാൻ 2015 ആഗസ്റ്റ് 19-ന് പൊതുമരാമത്ത് വകുപ്പുമായി അപേക്ഷക കരാറിൽ ഏർപ്പെട്ടിരുന്നതായും, നിശ്ചിത സമയത്തിനുള്ളിൽ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ കരാർ കാലാവധി കഴിഞ്ഞുപോയതായും, പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡങ്ങൾ പാലിച്ച് അപേക്ഷകയുടെ ചെലവിൽ റാമ്പ് (Ramp) നിർമ്മിക്കാൻ അനുമതി നൽകണമെന്നും പരാമർശം 1 പ്രകാരം ശ്രീമതി. നിഷ ദീപക് അഭ്യർത്ഥിച്ചിരുന്നു.

2. പൊതുമരാമത്ത് വകുപ്പ് കളമശ്ശേരി നിരത്ത് വിഭാഗത്തിന്റെ പരിധിയിൽ വരുന്ന എച്ച്.എം.ടി ജംഗ്ഷൻ-സൗത്ത് കളമശ്ശേരി റോഡിൽ എച്ച്.എം.ടി കവലയ്ക്കും, ടി വി എസ് കവലയ്ക്കും ഇടയിൽ മൂലേപ്പാടത്ത് റോഡരികിൽ നിർമ്മിക്കുന്ന കെട്ടിടത്തിലേക്ക് റാമ്പ് (Ramp) നിർമ്മിക്കുന്നതിന് 19.08.2015 തീയതിയിൽ ഒപ്പ് വച്ചിരുന്ന Agreement No.12/(Misc)/EE/2015-16 ഉടമ്പടിയുടെ കാലാവധി ഒരുമാസമായിരുന്നു എന്നും നിലവിൽ എച്ച്.എം.ടി (HMT) ജംഗ്ഷനിലെ പഴയ ദേശീയപാതയിൽ One way സംവിധാനം ഉള്ളതിനാൽ വാഹനങ്ങൾക്ക് റോഡിന് കുറുകെ സഞ്ചരിക്കേണ്ട സാഹചര്യം ഇല്ല എന്നും പൊതുമരാമത്ത് വകുപ്പിന്റെ ചട്ടങ്ങൾക്ക് വിധേയമായി, Tunnel Effect വരാത്ത രീതിയിലേ ആക്സസ് റോഡ് നിർമ്മാണം നടത്താവൂ എന്ന വ്യവസ്ഥയോടെയും നിർമ്മാണത്തിന് അനുമതി നൽകുന്ന വിഷയം സർക്കാർ തലത്തിൽ പരിഗണിക്കാവുന്നതാണ് എന്ന് പരാമർശിത കത്ത് പ്രകാരം നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ, കണയന്നൂർ താലൂക്കിൽ കളമശ്ശേരി എച്ച്.എം.ടി (HMT) ജംഗ്ഷനിലെ പഴയ ദേശീയപാതയിൽ നിന്നും സർവ്വേ നമ്പർ 428/2,5- ലുള്ള ശ്രീമതി നിഷ ദീപകിന്റെ ഉടമസ്ഥതയിലുള്ള സ്വകാര്യ ഭൂമിയിലേക്കുള്ള റാമ്പ് (Ramp) നിർമ്മാണം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

- നിർമ്മാണം IRC, PWD manual, Highway Protection Act എന്നിവക്കനുസൃതമായുള്ള മാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം.
- നിർമ്മാണം പൊതുമരാമത്ത് വകുപ്പ് ഡെപ്പോസിറ്റ് പ്രവർത്തിയായി നടപ്പിലാക്കേണ്ടതാണ്.
- അനുബന്ധ പ്രവൃത്തികൾ, Tender variation എന്നിവ ഉൾപ്പെടെ ആവശ്യമായിവരുന്ന തുക പൂർണ്ണമായും അപേക്ഷകൻ വഹിക്കേണ്ടതാണ്.
- മറ്റു വകുപ്പുകളിൽ നിന്നും ആവശ്യമായ നിരാക്ഷേപ പത്രം ലഭ്യമാക്കിയിരിക്കണം.
- നിർമ്മിതിയുടെ ഉടമസ്ഥാവകാശം പൊതുമരാമത്ത് വകുപ്പിൽ നിക്ഷിപ്തമായിരിക്കും.
- നിർമ്മാണം പൊതുജനങ്ങൾക്കുകൂടി ഉപയോഗിക്കാൻ അവകാശമുണ്ടായിരിക്കും.
- ബാധകമായ centage ചാർജ്, ഡെപ്പോസിറ്റ് തുകയിൽ ഉൾപ്പെടുത്തിയിരിക്കണം.
- നിർമ്മാണ കാലയളവ്, ആനുകാലിക അറ്റകുറ്റ പ്രവൃത്തികൾക്കുള്ള ചെലവ്, സർക്കാർ ഭൂമി ഉപയോഗത്തിന് ജില്ലാ കളക്ടർ നിശ്ചയിക്കുന്ന ഫീസ്, റോഡിലെ ഭാവി വികസനങ്ങളുമായി ബന്ധപ്പെട്ട ഔപചാരികതകൾ തുടങ്ങിയ പ്രസക്തമായ എല്ലാ വ്യവസ്ഥകളും ഉൾപ്പെടുത്തി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകുന്നതിന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറും അപേക്ഷകനും ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിത എം
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, നിരത്ത് വിഭാഗം, തിരുവനന്തപുരം.
എക്സി.എഞ്ചിനീയർ (നിരത്ത് വിഭാഗം)പൊതുമരാമത്ത് വകുപ്പ്, എറണാകുളം
ശ്രീമതി. നിഷ ദീപക്, വില്ല നം.15, നാഗ്പാൽ സ്റ്റേഡിയ പാർക്ക്, സ്റ്റേഡിയം ലിങ്ക് റോഡ്, പാലാരിവട്ടം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 16-03-2026 16:57:49

സെക്ഷൻ ഓഫീസർ